പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2269 — 06/10/2016 ൽ മറുപടിക്ക്

## റവന്യൂ വകുപ്പിന്റെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി. വീണാ ജോർജ്ജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഡാറ്റ ഡിജിറ്റൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ഉണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺ ലൈൻ സേവനങ്ങളായ ഇ - പോക്കുവരവും റവന്യൂ ഇ- പെയ്മെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 750 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 557 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ജി.ഐ.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് സ്കെച്ചുകളുടെ ഡിജിറ്റൈസേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. നാളിതുവരെ വിവിധങ്ങളായ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വകുപ്പ് നടത്തിയിട്ടുള്ളതും എന്നാൽ പൊതുജനത്തിന് ഉപയോഗപ്രദമായി പ്രസിദ്ധീകരിക്കുവാൻ കഴിയാത്തതുമായ ഡിജിറ്റൽ ഡാറ്റ ഒരു കോമൺ ഫയൽ ഫോർമാറ്റിലേയ്ക്ക് മാറ്റി അവയെ ഒരു ജി.ഐ.എസ്. സെർവർ സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ വെബ് പോർട്ടലിൽ ലഭ്യമാക്കലാണ് ടി പദ്ധതിയുടെ ഉദ്ദേശം ടി പദ്ധതിയ്ക്കായി സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ട്. ജില്ല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഡാറ്റ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയിലൂടെ അവ വെബ് ഹോസ്റ്റ് ചെയ്യുന്നതാണ്. സോഫ്റ്റ്‌വെയർ കോൺഫിഗർ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ പുരോഗതിയിലാണ്. |

| | |
|---|---|
| (സി) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെ പൂർണ്ണമായും ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിനെ ആധുനികവത്കരിച്ച് വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട്, സംയോജിത ഓൺ ലൈൻ പോക്കുവരവ്, ഓൺ ലൈൻ ടാക്സ് പേയ്മെന്റ്, ആർ, ആർ ഓൺ ലൈൻ എന്നീ ഇ ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ